## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 664 | 09/02/2016-ൽ മറുപടിക്ക്

## ആദിവാസികളുടെ പൊതുസ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. ഹംസ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | പാലക്കാട് ജില്ലയിലെ ആദിവാസി മേഖലയായ അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. (അനുബന്ധം - എ, ബി, സി,ഡി) |
| ബി) | പട്ടികവർഗ്ഗക്കാരുടെ തൊഴിൽ, വിദ്യാഭ്യാസം, താമസം എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1/7/2011 മുതൽ 31/12/15 വരെ എന്തു തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ മേഖല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | | |
| സി) | ആദിവാസികളുടെ പൊതുസ്ഥിതി നാൾക്കുനാൾ പരിതാപകരമായി മാറുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) | ഇല്ല. പട്ടികവർഗ്ഗ യുവതീ-യുവാക്കളിൽ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപരമായ പുരോഗതി, മുഖ്യധാര സമൂഹത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടപെടലുകളിലുണ്ടായ പുരോഗതി, ഭരണപരമായ കാര്യങ്ങളെപ്പറ്റിയുള്ള അവബോധം, അവകാശ ബോധം, ആരോഗ്യ രംഗത്തെ പുരോഗതി, സർവ്വീസ് മേഖലയിലെ പുതിയ തലമുറയുടെ കടന്നുവരവ് തുടങ്ങിയവയെല്ലാം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സ്ഥിതിയിൽ ഉണ്ടായിട്ടുള്ള പുരോഗതിയുടെ അടയാളമായി കണക്കാക്കാവുന്നതാണ്.<br><br>നൂറ്റാണ്ടുകളോളം സാമൂഹികവും, സാമ്പത്തികവും, അധികാരപരവുമായ അടിച്ചമർത്തലുകൾക്ക് വിധേയമായി കഴിഞ്ഞിട്ടുള്ള പട്ടികവർഗ്ഗ സമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമാകുന്നതിന് ഈ സർക്കാർ കാലയളവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കും, സ്വീകരിച്ചിട്ടുള്ള നടപടികൾക്കും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്